(ബി) കുന്നത്തുനാട് താലൂക്കിൽ ആലുവായിലുള്ള ഫീൽഡാഫീസർ ആരാണ്;

(സി) അദ്ദേഹത്തിന്റെ പേരിൽ വല്ല പരാതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്ത്;

(ഇ) പബ്ലിസാരയ്ക്ക് കാർഡു കിട്ടുവാൻ ഒരു രൂപാ ഫീൽഡാഫീസർക്കു കൊടുക്കണമെന്ന ചട്ടമുണ്ടോ;

(എഫ്) ആഫീസിൽനിന്നും പരിശോധനയ്ക്കായി അദ്ദേഹം പുറത്തുപോകാറുണ്ടോ?

വിദ്യാഭ്യാസവും, ക്ഷേമവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കൊച്ചികണയന്നൂർ താലൂക്കിൽ ഫ്ര—ം, തൃശ്ശിവപേരൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിൽ ഒ വീതവും, തലപ്പിള്ളി താലൂക്കിൽ ന്യൂ—ം, ബാക്കിയുള്ള താലൂക്കുകളിൽ ര വീതവും ഫീൽഡാഫീസറന്മാരുണ്ട്.

(ബി) ശ്രീ. എൻ. ലക്ഷ്മണഅയ്യർ.

(സി) ഇല്ല.

(ഡി) 'സി'ക്കുള്ള ഉത്തരംകൊണ്ട് ഇതു ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) ഉണ്ട്.

ജഡ്ജിമാരും മുൻസീഫന്മാരും

*ര ൫൩. (൨൨) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലെ ഡിസ്ട്രിക്ട് ജഡ്ജിമാരുടേയും മുൻസീഫന്മാരുടേയും നിയമനങ്ങൾ നടത്തുന്നതു് ആരാണ്;

(ബി) അങ്ങനെ നിയമിക്കുന്നതിനു് വല്ല തത്വവും ഉണ്ടോ?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. ഏ. ജെ. ജോൺ): (എ, ബി) ഭരണഘടനാ ൨൩൩, ൨൩൪, ൨൩൫ ഇവ വകുപ്പുകൾ അനുസരിച്ചു രാജപ്രമുഖൻ ആണ് നിയമനങ്ങൾ നടത്തുന്നതു്.

സ്റ്റോറേ ഗാസ്റ്റ്സ്

*ര ൫൭. (൨൩) ശ്രീ. കോന്നനാത്തു കുഞ്ഞിരാമമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ഐക്യസംസ്ഥാനത്തിലേക്കു ഫ്രൻ ര൯, ഫ്രൻ ൫൦ എന്നീ കൊല്ലങ്ങളിൽ എത്ര സ്റ്റോറേ ഗാസ്റ്റസ് വന്നിട്ടുണ്ട്;

(ബി) ഇവർ എന്തെല്ലാം ആവശ്യത്തിനാണ് വന്നിട്ടുള്ളതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ).

(എ) ഫ്രൻ ര൯-ൽ മൂന്നു പേർ. ഫ്രൻ ൫൦-ൽ ഒമ്പതു പേർ.

(ബി) ഇവർ എന്തെല്ലാം ആവശ്യങ്ങൾക്കാണ് വന്നിട്ടുള്ളതെന്നു് വെളിവാക്കുക ആശാസ്യമാണെന്നു തോന്നുന്നില്ല.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ്: ഇവർ ഇൻഡ്യാഗവർമ്മെണ്ടിൽനിന്നും ടി. എ. വാങ്ങിക്കുന്നുണ്ടെന്നുള്ള വിവരം ഗവർമ്മെണ്ടിനറിയാമോ?

Sri. C. Kesavan: That is a matter which has to be enquired into.

LIBRARY ARCHIVES Kerala Legislative Assembly